<u>പതിനാലാം കേരള നിയമസഭ</u>

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6010 04.07.2019 -ൽ മറുപടിയ്ക്ക്**

<u>**പാഠ്യപദ്ധതി പരിഷ്കരണം**</u>

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ** | | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) | ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് കരിക്കുലം കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് അദ്ധ്യയനവർഷം മുതൽ ഇത് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്; | എ) | ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലേക്കുള്ള പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ മുന്നൊരുക്കങ്ങൾ എസ്.സി.ഇ.ആർ.ടി നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കരട് പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിച്ചുവരുന്നു. 2019-ൽ കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്റെ വെളിച്ചത്തിൽ കരട് ചട്ടക്കൂട് ഭേദഗതി വരുത്തി തയ്യാറാക്കിയതിനുശേഷം പാഠപുസ്തക പരിഷ്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. 2021-22 വർഷം ഇതിനുതകുന്ന തരത്തിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| ബി) | സയൻസ്, സോഷ്യൽ സയൻസ്, കണക്ക് പാഠപുസ്തകങ്ങൾ എൻ.സി.ഇ. ആർ.റ്റി. സിലബസ് അനുസരിച്ച് ലഘൂകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | ബി) | നിലവിൽ അത്തരം തീരുമാനം ഇല്ല. പാഠപുസ്തകങ്ങൾ പരിഷ്കരിക്കുമ്പോൾ ഈ നിർദ്ദേശം പരിഗണിക്കുന്നതാണ്. |
| സി) | വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പഠനം മെച്ച പ്പെടുത്തുന്നതിന് നടപടി സ്വീകരി ച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | സി) | വിവര വിനിമയ സാങ്കേതിക വിദ്യ പാഠ്യപദ്ധതിയുമായി പരമാവധി സമന്വയിപ്പിച്ച് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ